www.societytodaynews.com

2026
SEPTEMBER
23
WEDNESDAY

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# എംജിആർ, ഐഎഫ്ആർ ഷിപ്പിംഗ് സേവനം കൊച്ചി തുറമുഖത്ത് തുടങ്ങി

**കൊച്ചി:** യുഎഇ, ഒമാൻ, യമൻ എന്നിവിടങ്ങളിലെ പ്രധാന കേന്ദ്രങ്ങളെ ഇന്ത്യയുമായി നേരിട്ട് ബന്ധിപ്പിക്കുന്ന എംജിആർ ഐഎഫ്ആർ എന്ന പുതിയ ഷിപ്പിംഗ് സേവനം വല്ലാർപ്പാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിൽ (ഐസിടിടി) ആരംഭിച്ചു. എംവി മാർസ വിർഗോ കപ്പൽ കൊച്ചിയിൽ എത്തിയതോടെയാണ് സേവനം ആരംഭിച്ചത്. ഈ കപ്പലിൽ നിന്നുള്ള 1,000ലധികം ടിഇയു ടെർമിനൽ കൈകാര്യം ചെയ്തു. എം വി മാർസ വിർഗോയ്ക്ക് പുറമെ എം വി മാർസ സെനിത്ത് എന്ന കപ്പലും സർവീസ് നടത്തും. ഓരോ യാത്രയിലും 500ലധികം ടിഇയു കൈകാര്യം ചെയ്യാനുള്ള ശേഷി ഇരു കപ്പലിനുമുണ്ട് . കൊച്ചിക്ക് പുറമെ മഹാരാഷ്ട്രയിലെ നവ ഷേവ തുറമുഖത്തെയും യുഎഇയിലെ ഫുജൈറ, ഒമാനിലെ സോഹാർ, യമനിലെ ഏദൻ എന്നിവയുമായി ബന്ധിപ്പിക്കുന്ന എംജിആർ ഐഎഫ്ആറിന്റ പുതിയ സേവനം രണ്ടാഴ്ചയിലൊരിക്കൽ ലഭ്യമാകും.

കൊച്ചി നവ ഷേവ ഫുജൈറ സോഹാർ ഏദൻ കൊച്ചി എന്ന റൂട്ടിലുള്ള പ്രവർത്തനം ചരക്ക് നീക്കം വേഗത്തിലാക്കാനും, കൊച്ചി തുറമുഖത്തിന്റെ നടത്തിപ്പുകാരായ ഡിപി വേൾഡ് കൊച്ചിയുടെ വിപുലമായിക്കൊണ്ടിരിക്കുന്ന ആഗോള ഷിപ്പിംഗ് സേവനങ്ങളുടെ നിര ശക്തിപ്പെടുത്താനും സഹായിക്കുന്നു. നേരിട്ടുള്ള കണക്ടിവിറ്റി ദക്ഷിണേന്ത്യയിലെ കയറ്റുമതിക്കാർക്കും ഇറക്കുമതിക്കാർക്കും മിഡിൽ ഈസ്റ്റ് വിപണികളിലേക്കും തുടർന്നു

ആഗോള വ്യാപാര പാതകളിലേക്കും കൂടുതൽ കാര്യക്ഷമമായ പ്രവേശനം ലഭ്യമാക്കുന്നു.

എംജിആർ സർവീസിന് കീഴിലുള്ള ഈ പുതിയ കപ്പൽ സന്ദർശനം തങ്ങളുടെ ശൃംഖല വിപുലീകരിക്കുകയും ഉപഭോക്താക്കൾക്ക് വിശ്വസനീയമായ കണക്റ്റിവിറ്റിയും മിഡിൽ ഈസ്റ്റിലെ പ്രധാന വിപണികളിലേക്ക് പ്രവേശനവും സാധ്യമാക്കുന്നതായി ഡിപി വേൾഡിന്റെ പോർട്ട്സ് ആൻഡ് ടെർമിനൽസ് വിഭാഗം സിഒഒ രവീന്ദർ ജോഹാൽ പറഞ്ഞു.






# പണിമുടക്ക്: 26 മുതൽ അഞ്ച് ദിവസം ബാങ്ക് മുടക്കത്തിന് സാധ്യത



**ന്യൂദൽഹി:** 26 മുതൽ 30 വരെ തുടർച്ചയായ അഞ്ച് ദിവസം ബാങ്കുകൾ തുറന്നു പ്രവർത്തിക്കില്ല.വാരാന്ത്യ അവധിക്കുശേഷം 28 മുതൽ 30 വരെ രാജ്യവ്യാപകമായി ബാങ്ക് ജീവനക്കാർ നടത്തുന്ന മൂന്ന് ദിവസത്തെ പണിമുടക്കിനെത്തുടർന്നാണിത്. ബാങ്ക് ഓഫീസർമാരെയും ജീവനക്കാരെയും 90 ശതമാനത്തോളം പ്രതിനിധീകരിക്കുന്ന ഏഴ് യൂണിയനുകളുടെ കൂട്ടായ്മയായ യുണൈറ്റഡ് ഫോറം ഓഫ് ബാങ്ക് യൂണിയൻസാണ് (യുഎഫ്ബിയു) പണിമുടക്കിന് ആഹ്വാനം ചെയ്തിരിക്കുന്നത്.അഞ്ചുദിവസത്തെ പ്രവൃത്തിദിനം നടപ്പാക്കുക, പെൻഷൻ പരിഷ്കരണങ്ങൾ, പഴയ പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം.




**കോലഞ്ചേരി മെഡിക്കൽ മിഷൻ മെഡിക്കൽ കോളേജിലെ ഹൃദ്രോഗ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വാർഷിക കാർഡിയോളജി ഒറേഷൻ ലോകപ്രശസ്ത ഹൃദ്രോഗ വിദഗ്ദ്ധൻ പ്രൊഫ. ഡോ. അന്റോണിയോ കൊളംബോ ഉദ്ഘാടനം ചെയ്യുന്നു. ജേക്കബ് ജോയ്, പ്രൊഫ.ഡോ.. ലൂയി ഫിഷർ, ഡോ. സോജൻ, ഡോ. ഈപ്പൻ പുന്നൂസ്, ജോയ് പി ജേക്കബ് , ഡോ. വർഗീസ് പോൾ, അജു ജേക്കബ്, പീറ്റർ കെ ചാക്കോ തുടങ്ങിയവർ സമീപം**

# കേരളത്തിലെ ഹൃദ്രോഗ ചികിത്സാ രംഗം മികച്ചത്: പ്രൊഫ. ഡോ. അന്റോണിയോ കൊളംബോ

**കോലഞ്ചേരി എം.ഒ.എസ്.സി മെഡിക്കൽ കേളേജിലെ നവീകരിച്ച കാർഡിയോളജി ഒ.പി. ഉദ്ഘാടനം ചെയ്തു**

കോലഞ്ചേരി: കേരളത്തിലെ ജനങ്ങളുടെ ആയൂർ ദൈർഘ്യം മികച്ചതാണെന്നും അന്താരാഷ്ട്ര നിലവാരത്തിലാണെന്നും ലോകപ്രശസ്ത ഹൃദ്രോഗ വിദഗ്ദ്ധൻ പ്രൊഫ. ഡോ. അന്റോണിയോ കൊളംബോ പറഞ്ഞു. കോലഞ്ചേരി മെഡിക്കൽ മിഷൻ മെഡിക്കൽ കോളേജിലെ ഹൃദ്രോഗ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വാർഷിക കാർഡിയോളജി ഒറേഷനിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കൊറോണറി സ്റ്റെന്റിംഗ്, ഇൻട്രാവാസ്കുലർ ഇമേജിംഗ്, സ്ട്രക്ച്ചറൽ ഹാർട്ട് ഇന്റർവെൻഷൻസ് തുടങ്ങി ആധുനിക ഹൃദ്രോഗ ചികിത്സാ രംഗത്തെ ഒട്ടുമിക്ക കണ്ടുപിടുത്തങ്ങളും നടത്തിയിട്ടുള്ള ഇറ്റലിയിലെ മിലാനിൽ നിന്നുള്ള പ്രൊഫ. ഡോ. അന്റോണിയോ കൊളംബോ ആദ്യമായിട്ടാണ് കേരളത്തിൽ എത്തുന്നത്. കോലഞ്ചേരി എം.ഒ.എസ്.സി മെഡിക്കൽ കേളേജിലെ നവീകരിച്ച കാർഡിയോളജി ഒ.പി.യുടെ ഉദ്ഘാടനവും അദ്ദേഹം നിർവ്വഹിച്ചു. ലോക നിലവാരത്തിലുള്ള ചികിത്സാ സംവിധാനങ്ങളാണ് കോലഞ്ചേരി മെഡിക്കൽ കോളേജിൽ ഉള്ളതെന്നും അദ്ദേഹം വിലയിരുത്തി. ചടങ്ങിൽ പ്രൊഫ.ഡോ.ലൂയി ഫിഷർ, ഡോ. ഈപ്പൻ പുന്നൂസ്, ഡോ.സോജൻ, ജോയ് പി.ജേക്കബ്, ജേക്കബ് ജോയ്, അജു ജേക്കബ്, ഡോ. വർഗീസ് പോൾ, പീറ്റർ കെ ചാക്കോ തുടങ്ങിയവർ പ്രസംഗിച്ചു



# ബോഷ് ബിൽറ്റ്ഇൻ ഹോബുകളും ഹുഡുകളും അവതരിപ്പിച്ചു

**കൊച്ചി:** ബോഷ് കുക്കിംഗ് പോർട്ട്ഫോളിയോ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ആധുനിക അടുക്കളകൾക്കായി ഹോബുകളും ഹുഡുകളും അവതരിപ്പിച്ചു. മികച്ച രൂപകല്പന, പ്രവർത്തനക്ഷമത, സാങ്കേതികവിദ്യ എന്നിവ ഒരുമിച്ചു ലഭിക്കുന്നതാണു ബിൽറ്റ്ഇൻ വീട്ടുപകരണങ്ങൾ.

ട്രൂഡഡി ഫ്ളെയിം, പ്രിസൈസ് ഫ്ളെയിം കൺട്രോൾ, എയർക്ലീൻ ബർണർ എന്നിവയിലൂടെ കൂടുതൽ ഏകീകൃതമായ താപം, കൃത്യമായ തീ നിയന്ത്രണം, ഇൻഡോർ മലിനീകരണം കുറയ്ക്കൽ എന്നിവ സാധ്യമാക്കുന്നതാണ്. 66 ശതമാനം വരെ കാര്യക്ഷമതയുള്ള ബർണറുകൾ ഗ്യാസ് ഉപയോഗം കുറയ്ക്കാനും സഹായിക്കുമെന്നും അധികൃതർ അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# റീഇമാജിനിങ്ങ് കേരളം സംസ്ഥാനത്തിന്റെ വികസനത്തിന് വലിയ മുതൽക്കൂട്ടാകും: മന്ത്രി

**തിരുവനന്തപുരം:** മൂന്ന് ദിവസമായി തിരുവനന്തപുരത്ത് നടന്ന 'റീഇമാജിനിങ്ങ് കേരളം' റൗണ്ട് ടേബിൾ കോൺഫറൻസ് സംസ്ഥാനത്തിന്റെ വികസനത്തിന് വലിയ മുതൽക്കൂട്ടാകുമെന്ന് ആരോഗ്യദേവസ്വം വകുപ്പ് മന്ത്രി കെ മുരളീധരൻ. ബജറ്റിൽ പ്രഖ്യാപിച്ച വികസന പദ്ധതികൾ സമയബന്ധിതവും കാര്യക്ഷമവുമായി നടപ്പാക്കുന്നതിനായി രൂപരേഖ തയ്യാറാക്കുക എന്ന ഉദ്ദേശ്യത്തോടെ സംഘടിപ്പിച്ച കോൺഫറൻസിന്റെ സമാപനച്ചടങ്ങ് ഹോട്ടൽ ലെമൺ ട്രീയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ആരോഗ്യം, ടൂറിസം, വ്യവസായം തുടങ്ങിയ വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തി ക്രിയാത്മക ചർച്ച കഴിഞ്ഞ ദിവസങ്ങളിൽ സംഘടിപ്പിച്ചു. കേരളം വ്യവസായ സൗഹൃദമല്ലെന്ന തെറ്റായ ധാരണ മാറി. സംസ്ഥാനത്ത് നിക്ഷേപം നടത്താൻ പല വ്യവസായികളും തയ്യാറാകുന്നു. വ്യവസായ സംരംഭങ്ങളും പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ പൂർണ പിന്തുണയുണ്ട്. കേരളത്തിന്റെ സമഗ്ര വികസനമാണ് സർക്കാർ ലക്ഷ്യം.

ആരോഗ്യരംഗത്തടക്കം മാറ്റം വന്നു. ടൂറിസം മേഖലയിൽ ഉൾപ്പെടെ കൂടുതൽ നിക്ഷേപങ്ങളും വികസനങ്ങളും എത്തിക്കാനാകും. അനന്തസാധ്യതകളുള്ള മേഖലയാണ് ടൂറിസം. കേരളത്തിലെ എല്ലാ ജില്ലകളിലും പ്രത്യേകിച്ച് വയനാട്ടിലും ഇടുക്കിയിലും ധാരാളം ടൂറിസം കേന്ദ്രങ്ങളുണ്ട്. ടൂറിസം വികസന സാധ്യതകൾ പ്രയോജനപ്പെടുത്തും. സംസ്ഥാന പുനർനിർമാണത്തിന് റീഇമാജിനിങ്ങ് കേരളത്തിലൂടെ സാധിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

രാജ്യത്തെ ഏറ്റവും ശക്തമായ സഹകരണ സമ്പദ് വ്യവസ്ഥകളിലൊന്നായ കേരളം നിക്ഷേപസൗഹൃദ സംസ്ഥാനമായി മാറിയതായി ചടങ്ങിൽ സംസാരിച്ച സഹകരണഎക്സൈസ് വകുപ്പ് മന്ത്രി എം ലിജു പറഞ്ഞു. നിക്ഷേപകരുടെ അപേക്ഷകളിൽ കാലതാമസമില്ലാതെ തീരുമാനമെടുക്കും. സഹകരണ മേഖലയുടെ സംഭാവന 10 ശതമാനമായി ഉയർത്തുകയാണ് സർക്കാർ ലക്ഷ്യമെന്നും മന്ത്രി അറിയിച്ചു.

ആരോഗ്യകുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഷർമിള മേരി ജോസഫ്, വ്യവസായ വകുപ്പ് ഡയറക്ടർ സ്നേഹിൽ കുമാർ സിംഗ് എന്നിവർ പങ്കെടുത്തു.

# ചിലവന്നൂർ പാലം പുനർനിർമ്മാണത്തിന് 6.08 കോടി

കൊച്ചി: ചിലവന്നൂർ കനാലിന് കുറുകെയുള്ള പാലത്തിന്റെ പുനർനിർമ്മാണത്തിന് വഴിയൊരുങ്ങി. പാലം പുനർനിർമ്മിക്കുന്നതിനുള്ള ടെൻഡർ അംഗീകരിക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകി. ചിലവന്നൂർ പാലത്തിന്റെ പുനർനിർമ്മാണം യാഥാർഥ്യമാക്കുന്നതിനായി ടി.ജെ. വിനോദ് എം.എൽ.എ നടത്തിയ നിരന്തര ഇടപെടലുകൾക്കും ഫോളോ അപ്പിനും പിന്നാലെയാണ് ടെൻഡറിന് സർക്കാർ അനുമതി ലഭിച്ചത്.

കൊച്ചി നഗരത്തിലെ കനാലുകളെ പുനരുജ്ജീവിപ്പിച്ച് നഗരത്തിലെ വെള്ളക്കെട്ടിന് ശാശ്വത പരിഹാരം കാണുന്നതിനും കനാലുകളിലൂടെയുള്ള ജലഗതാഗതം പുനഃസ്ഥാപിക്കുന്നതിനുമായി നടപ്പാക്കുന്ന ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആൻഡ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) പദ്ധതിയുടെ ഭാഗമായാണ് ചിലവന്നൂർ പാലം പുനർനിർമ്മിക്കുന്നത്.

6 കോടി 7.70 ലക്ഷം രൂപയാണ് ടെൻഡർ തുക. 18 ശതമാനം ജി.എസ്.ടി. ഉൾപ്പെടെ 6,07,70,000 രൂപയുടെ ടെൻഡറിനാണ് സർക്കാർ അനുമതി നൽകിയിരിക്കുന്നത്. കിഫ്ബി ധനസഹായത്തോടെ കെ.എം.ആർ.എൽ. മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്.

പാലം പുനർനിർമ്മിക്കുന്നതിനുള്ള നടപടികളിൽ വിവിധ ഘട്ടങ്ങളിൽ ഉണ്ടായ തടസ്സങ്ങൾ പരിഹരിക്കുന്നതിനും ടെൻഡർ നടപടികൾ പൂർത്തിയാക്കുന്നതിനുമായി ടി.ജെ. വിനോദ് എം.എൽ.എ ബന്ധപ്പെട്ട വകുപ്പുകളുമായും ഉദ്യോഗസ്ഥരുമായും നിരന്തരം ആശയവിനിമയം നടത്തി ആവശ്യമായ ഇടപെടലുകൾ നടത്തിയിരുന്നു. പദ്ധതി വേഗത്തിലാക്കണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ നടത്തിയ തുടർ ഇടപെടലുകളുടെ ഭാഗമായാണ് ഇപ്പോൾ ടെൻഡറിന് സർക്കാർ അനുമതി ലഭിച്ചിരിക്കുന്നത്.ചിലവന്നൂർ കനാലിന് കുറുകെയുള്ള പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ നേരത്തെ ആരംഭിച്ചിരുന്നു. 2025 മാർച്ചിനും ഓഗസ്റ്റിനുമിടയിൽ നാല് തവണ ടെൻഡർ ക്ഷണിച്ചെങ്കിലും ആദ്യ രണ്ട് തവണയും ബിഡ് ലഭിച്ചിരുന്നില്ല. മൂന്നാം തവണ ലഭിച്ച ഏക ബിഡ് എസ്റ്റിമേറ്റ് തുകയേക്കാൾ ഉയർന്നതായതിനാൽ അത് റദ്ദാക്കി. തുടർന്ന് നടത്തിയ നാലാം ടെൻഡറിൽ ലഭിച്ച ഏറ്റവും കുറഞ്ഞ ടെൻഡറിനാണ് ഇപ്പോൾ സർക്കാർ അനുമതി നൽകിയിരിക്കുന്നത്. ടെൻഡർ നടപടികളിലെ കാലതാമസം ഒഴിവാക്കി പാലം പുനർനിർമ്മാണം വേഗത്തിൽ ആരംഭിക്കണമെന്ന നിലപാടാണ് ടി.ജെ. വിനോദ് എം.എൽ.എ സ്വീകരിച്ചിരുന്നത്. ഇതിന്റെ ഭാഗമായി സർക്കാർ തലത്തിലും ബന്ധപ്പെട്ട ഏജൻസികളുമായും എം.എൽ.എ തുടർച്ചയായി ചർച്ചനടത്തിയിരുന്നു.




**ലഹരിവിമുക്തമായ നവഭാരതം ലക്ഷ്യമിട്ട് അമൃത വിശ്വ വിദ്യാപീഠം ഹെൽത്ത് സയൻസ് ക്യാമ്പസ്സിൽ 'നശ മുക്ത് യുവ ഫോർ വികസിത് ഭാരത് സങ്കൽപ് അഭിയാൻ' ക്യാമ്പയിൻ കൊച്ചി സിറ്റി പോലീസ് കമ്മീഷണർ കാളിരാജ് മഹേഷ് കുമാർ ഐ.പി.എസ് ഉദ്ഘാടനം ചെയ്യുന്നു.**

# അമൃത വിശ്വ വിദ്യാപീഠം ഹെൽത്ത് സയൻസ് ക്യാമ്പസ്സിൽ നശ മുക്ത് യുവ ക്യാമ്പയിൻ സംഘടിപ്പിച്ചു

**കൊച്ചി:** ലഹരിവിമുക്തമായ നവഭാരതം ലക്ഷ്യമിട്ട് കേന്ദ്ര യുവജനക്ഷേമകായിക മന്ത്രാലയത്തിന്റെയും 'മൈ ഭാരത്' പദ്ധതിയുടെയും ആഭിമുഖ്യത്തിൽ അമൃത വിശ്വ വിദ്യാപീഠം ഹെൽത്ത് സയൻസ് ക്യാമ്പസ്സിൽ 'നശ മുക്ത് യുവ ഫോർ വികസിത് ഭാരത് സങ്കൽപ് അഭിയാൻ' ക്യാമ്പയിൻ സംഘടിപ്പിച്ചു. അമൃത ആശുപത്രിയിലെ അമൃതേശ്വരി ഹാളിൽ നടന്ന ചടങ്ങ് കൊച്ചി സിറ്റി പോലീസ് കമ്മീഷണർ കാളിരാജ് മഹേഷ് കുമാർ ഐ.പി.എസ് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു. മാതാ അമൃതാനന്ദമയി മഠം സ്വാമിനി കരുണാമൃത പ്രാണ ചടങ്ങിന് പ്രാർത്ഥനയോടെ തുടക്കം കുറിച്ചു. അമൃത ആശുപത്രിയിലെ ഫോറൻസിക് മെഡിസിൻ വിഭാഗം പ്രൊഫസർ ഡോ. രാമകൃഷ്ണൻ യു.കെ സ്വാഗതം ആശംസിച്ചു. കൊച്ചി ഹെൽത്ത് സയൻസ് ക്യാമ്പസിലെ 6 വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികളും അധ്യാപകരും ക്യാമ്പയിന്റെ ഭാഗമായി. വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളും പരിപാടികൾക്ക് മാറ്റുകൂട്ടി.

ലഹരിവിമുക്ത സമൂഹത്തെക്കുറിച്ചുള്ള യുവജനങ്ങളുടെ ആശയവിനിമയ സംവാദവും ക്യാമ്പയിന്റെ ഭാഗമായി നടന്നു. ലഹരിരഹിത ഭാരതം കെട്ടിപ്പടുക്കുമെന്ന പ്രതിജ്ഞയോടെ ചടങ്ങിൽ പങ്കെടുത്തവർ ലഹരിവിരുദ്ധ സിഗ്നേച്ചർ വാളിൽ ഒപ്പുവെച്ചു. അമൃത സ്കൂൾ ഓഫ് മെഡിസിൻ പ്രിൻസിപ്പൽ ഡോ. കെ.പി. ഗിരീഷ് കുമാർ, അമൃത ആശുപത്രിയിലെ അഡ്മിനിസ്ട്രേറ്റർമാരായ ഡോ. രഹ്ന, ഡോ. ജഗ്ഗു എന്നിവർ പരിപാടികൾ ഏകോപിപ്പിക്കുകയും, അമൃത സ്കൂൾ ഓഫ് മെഡിസിനിലെ ഡോ. പ്രസാദ് വി.ജി കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു. രണ്ടാം തവണയാണ് അമൃതയിൽ 'നശ മുക്ത് യുവ' ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.





# പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിദ്യാർഥികളുടെ ആവശ്യങ്ങൾ സമയബന്ധിതമായി പരിഹരിക്കും: മന്ത്രി

**തിരുവനന്തപുരം:** പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർഥികളുടെ ന്യായമായ ആവശ്യങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പട്ടികജാതി പട്ടികവർഗ പിന്നാക്ക വികസന വകുപ്പ് മന്ത്രി കെ എ തുളസി. വിദ്യാർഥികൾക്ക് മികച്ചതും സമാധാനപരവുമായ പഠനാന്തരീക്ഷം ഒരുക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം കട്ടേല ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അഞ്ച് പൂർവ വിദ്യാർഥിനികൾക്ക് എംബിബിഎസ്, ബിഡിഎസ് പ്രവേശനം ലഭിച്ചതിന്റെ ഭാഗമായി സംഘടിപ്പിച്ച അനുമോദനച്ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ പ്രവേശനം നേടിയ കെ പി അശ്വതിമോൾ, തിരുവനന്തപുരം എസ് യു ടി മെഡിക്കൽ കോളേജിൽ പ്രവേശനം നേടിയ ഡി എം മിഥുല, പ്രിയ, പാലക്കാട് ഗവ. മെഡിക്കൽ കോളേജിൽ പ്രവേശനം നേടിയ വി. തനുഷ്യ, തൊടുപുഴയിൽ ബിഡിഎസ് പ്രവേശനം നേടിയ ശരണ്യ എന്നിവരെയാണ് മന്ത്രി ആദരിച്ചത്. അധ്യാപകരുടെയും ജീവനക്കാരുടെയും ആത്മാർഥമായ പരിശ്രമവും മാതാപിതാക്കളുടെ സ്വപ്നങ്ങളുമാണ് വിദ്യാർഥികളുടെ വിജയത്തിന് അടിത്തറയെന്ന് മന്ത്രി പറഞ്ഞു.

വിദ്യാർഥികളുടെ ഏറെക്കാലത്തെ ആവശ്യമായിരുന്ന ഹോസ്റ്റൽ മെനു പരിഷ്കരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. പരിഷ്കരിച്ച മെനു നടപ്പാക്കുന്നതിന് ആവശ്യമായ അധിക സാമ്പത്തിക സഹായം വകുപ്പിൽനിന്ന് സമയബന്ധിതമായി ലഭ്യമാക്കുമെന്നും മന്ത്രി അറിയിച്ചു. വിദ്യാർഥികൾക്കും അധ്യാപകർക്കും തങ്ങളുടെ ആവശ്യങ്ങളും അസൗകര്യങ്ങളും തുറന്നുപറയാമെന്നും അവ പരിഹരിക്കാൻ സർക്കാർ ഒപ്പമുണ്ടാകുമെന്നും മന്ത്രി വ്യക്തമാക്കി.

മെഡിക്കൽ പഠനത്തിലേക്ക് പ്രവേശിക്കുന്ന വിദ്യാർഥിനികൾ ഭാവിയിൽ രോഗികളോടും സമൂഹത്തോടും സ്നേഹത്തോടെയും അനുകമ്പയോടെയും പെരുമാറണമെന്ന് മന്ത്രി ഓർമിപ്പിച്ചു.

പഠനം പൂർത്തിയാക്കി സ്കൂൾ വിട്ടാലും കട്ടേല സ്കൂളിലെ പൂർവ വിദ്യാർഥികൾക്ക് സർക്കാരിന്റെ കരുതലും പിന്തുണയും തുടർന്നും ഉണ്ടാകുമെന്നും മന്ത്രി ഉറപ്പുനൽകി.

വാർഡ് കൗൺസിലർ കെ പി ബിന്ദു, സ്കൂൾ സീനിയർ സൂപ്രണ്ട് ഗോപാലകൃഷ്ണൻ, പ്രിൻസിപ്പൽ ഇൻ ചാർജ് അരുൺ കുമാർ, ഹെഡ്മാസ്റ്റർ രവികുമാർ, അധ്യാപകർ, വിദ്യാർഥികൾ, രക്ഷിതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

# മാനസികാരോഗ്യം വീണ്ടെടുത്തവരോടുള്ള സാമൂഹിക ചിന്താഗതി മാറണം: മന്ത്രി കെ. മുരളീധരൻ

**തിരുവനന്തപുരം:** ശാസ്ത്ര സാങ്കേതികരംഗത്ത് ഏറെ പുരോഗതി കൈവരിച്ച ഈ കാലത്ത് മാനസികാരോഗ്യം വീണ്ടെടുത്തവരോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടിലും കാതലായ മാറ്റം വരണമെന്ന് ആരോഗ്യദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ. ഒരിക്കൽ രോഗം ബാധിച്ചു എന്ന കാരണത്താൽ, കൃത്യമായ ചികിത്സയിലൂടെ പൂർണ രോഗമുക്തി നേടിയവരെ സമൂഹത്തിൽ നിന്ന് മാറ്റിനിർത്തുന്നത് ശരിയല്ലെന്നും അദ്ദേഹം പറഞ്ഞു. പേരൂർക്കട ഗവ. മാനസിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും രോഗമുക്തി നേടിയവരെ പത്തനാപുരം ഗാന്ധിഭവനിലേക്ക് പുനരധിവസിപ്പിക്കുന്ന ചടങ്ങിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.



തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിലെ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തും. ആംബുലൻസുകൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ ലഭ്യമാക്കുന്നതിനും പുതിയ കെട്ടിടങ്ങൾ നിർമിക്കുന്നതിനും രോഗികളുടെ ക്ഷേമത്തിനും സർക്കാർ മുൻഗണന നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആകെ 51 പേരെ ഗാന്ധിഭവനിലേക്ക് മാറ്റാനാണ് നിശ്ചയിച്ചിരുന്നതെങ്കിലും, 8 സ്ത്രീകൾ ഉൾപ്പെടെ 49 പേരെയാണ് നിലവിൽ കൈമാറിയത്. ആവശ്യമായ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി രണ്ടുപേരെക്കൂടി പുനരധിവസിപ്പിക്കും.

സെന്ററിലെ 'പകൽവീട്' വഴി വിവിധ കൈത്തൊഴിലുകളിൽ പരിശീലനം നൽകി, ഉപജീവനത്തിനുള്ള മാർഗങ്ങൾ ഉറപ്പാക്കിയ ശേഷമാണ് ഇവരെ പുനരധിവാസ കേന്ദ്രത്തിലേക്കയച്ചത്. പുതുവസ്ത്രങ്ങളും ബെഡ്ഷീറ്റുകളും മറ്റ് വ്യക്തിഗത ആവശ്യങ്ങൾക്കുള്ള സാധനങ്ങളും നൽകിയാണ് യാത്രയാക്കിയത്.

ലയൺസ് ഡിസ്ട്രിക്റ്റ് 318 എയുടെ സഹകരണത്തോടെയാണ് പുനരധിവാസം സാധ്യമാക്കിയത്.

പേരൂർക്കട മാനസികാരോഗ്യ കേന്ദ്രം കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ഡി.എം.ഒ. ഡോ. ബിന്ദു മോഹൻ, ആർ.എം.ഒ. ഡോ. ജോൺ സൈമൺ, ആശുപത്രി സൂപ്രണ്ട് പ്രീതി ജെയിംസ്, സൈക്യാട്രി സോഷ്യൽ വർക്കർ ശോഭിത തോപ്പിൽ, ലയൺസ് ക്ലബ് ഡിസ്ട്രിക്റ്റ് ഗവർണർ വി. അനിൽകുമാർ, ഗാന്ധിഭവൻ മാനേജിംഗ് ഡയറക്ടർ ശശികുമാർ എന്നിവരും പങ്കെടുത്തു.



# വയോജന പരിചരണ കോഴ്സുകൾ ആരംഭിക്കും: മുഖ്യമന്ത്രി

**തിരുവനന്തപുരം:** വയോജന പരിചരണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വയോജന പരിചരണ കോഴ്സുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. തിരുവനന്തപുരത്ത് നടന്ന 'റീ ഇമാജിനിങ് കേരള' റൗണ്ട് ടേബിൾ കോൺഫറൻസിന്റെ രണ്ടാം ദിനത്തിൽ 'കേരളം സിൽവർ ഇക്കോണമി' പദ്ധതിയുമായി ബന്ധപ്പെട്ട ചർച്ചയിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

വിദേശ രാജ്യങ്ങളിൽ നിന്നുള്ള സിലബസുകൾ ഇതിനായി പരിശോധിക്കും. മെഡിക്കൽ കോളജുകൾ, നഴ്സിംഗ് കോളജുകൾ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ വയോജന പരിചരണ കോഴ്സുകൾ ആരംഭിക്കാനാകും. കോഴ്സിന്റെ ഭാഗമായി ഇന്റേൺഷിപ്പ് സൗകര്യവും ഒരുക്കും. കൂടുതൽ തൊഴിൽ അവസരം ഇതുവഴി ലഭ്യമാകും.

ഇന്ത്യയിൽ ആദ്യമായി വയോജനങ്ങൾക്കായി വകുപ്പ് ആരംഭിച്ചത് സംസ്ഥാനത്താണ്. ജനസംഖ്യാ ഘടനയിൽ വലിയ മാറ്റം സംഭവിക്കുന്നു. ചെറുപ്പക്കാരുടെ അനുപാതം കുറയുമ്പോൾ മറുവശത്ത് വയോജനങ്ങൾ വർധിക്കുന്നു. അതിനാൽ വയോജന മേഖലയിലെ മാറ്റങ്ങളെക്കുറിച്ചും ഭാവിയെ കുറിച്ചും കൂടുതൽ ചിന്ത ആവശ്യമാണ്. വയോജനങ്ങളെ സഹായിക്കുന്നതിന് സർക്കാരും തദ്ദേശ സ്ഥാപനങ്ങളും മറ്റ് സംഘടനകളും ചേർന്ന് ഒരു ത്രികക്ഷി സംവിധാനം ഒരുക്കും. വയോജനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് കൃത്യമായ ഡാറ്റാബേസ് സംവിധാനം രൂപീകരിക്കും, തദ്ദേശ സ്ഥാപനങ്ങൾ വഴി ഈ ഡാറ്റ എളുപ്പത്തിൽ ശേഖരിക്കാനാകും. ഒരു പഞ്ചായത്ത് അംഗം തന്റെ വാർഡിൽ എത്ര പേർക്ക് പരിചരണം ആവശ്യമാണെന്ന് അറിഞ്ഞിരിക്കണം.

60-80 വയസുള്ള ആരോഗ്യമുള്ള വ്യക്തിക്ക് പല കാര്യങ്ങളിലും പ്രവർത്തിക്കാനാകും. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്ന യുവജനങ്ങൾക്കായി ടെക്നോ മെന്റർ അല്ലെങ്കിൽ മാനേജ്മെന്റ് മെന്റർ ആയി പ്രവർത്തിക്കാൻ വയോജനങ്ങൾക്കാകും. യുവജനങ്ങളെയും വയോജനങ്ങളെയും ഒന്നിപ്പിച്ച് സാമൂഹ്യ പുരോഗതിയിലേക്ക് നയിക്കണം. പാലിയേറ്റീവ് കെയർ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തും. ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുമായി സർക്കാർ സഹകരിക്കും. എല്ലാവരെയും ചേർത്തുപിടിക്കുന്ന സമീപനമാകും സർക്കാരിന്റേത്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെയും വിട്ടുമാറാത്ത രോഗങ്ങളാൽ ദുരിതമനുഭവിക്കുന്നവരെയും സഹായിക്കാനുള്ള സർക്കാർ പദ്ധതിയാണ് 'വൺ കേരള കരുതൽ മിഷൻ'. കെയർ ഹോം മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി പ്രത്യേക മാനദണ്ഡം രൂപീകരിക്കും. നിലവിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന കെയർ ഗീവർമാർക്കും പരിശീലനം നൽകുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. വനിത ശിശുവികസന വകുപ്പു മന്ത്രി ബിന്ദു കൃഷ്ണ, വിവിധ മേഖലകളിലെ വിദഗ്ധർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

പുതുയുഗകേരളം കെട്ടിപ്പടുക്കാനുള്ള യാത്രയിൽ പ്രഖ്യാപനങ്ങളെ യാഥാർഥ്യമാക്കാനുള്ള സുപ്രധാന ചുവടുവയ്പാണ് റീ ഇമാജിനിങ് കേരളം റൗണ്ട് ടേബിൾ കോൺഫറൻസ്. ബജറ്റിൽ പ്രഖ്യാപിച്ച സർക്കാർ വികസന പദ്ധതികൾ സമയബന്ധിതവും കാര്യക്ഷമവുമായി നടപ്പാക്കുന്നതിനായി രൂപരേഖ തയ്യാറാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ത്രിദിന കോൺഫറൻസ് സംഘടിപ്പിച്ചത്.



# തെന്മല ഇക്കോ ടൂറിസം വികസനത്തിന് സമഗ്ര പദ്ധതി തയാറാക്കും: മന്ത്രി പി.സി. വിഷ്ണുനാഥ്

**പുനലൂർ:** തെന്മല ഇക്കോടൂറിസത്തിൽ നിലവിൽ മുടങ്ങികിടക്കുന്ന പദ്ധതികൾ പുനരാരംഭിക്കുമെന്ന് ടൂറിസം വകുപ്പ് മന്ത്രി പി.സി. വിഷ്ണുനാഥ്. തെന്മല ഇക്കോടൂറിസവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സി. അജയപ്രസാദ് എംഎൽഎ നൽകിയ നിവേദനത്തിൻറെ അടിസ്ഥാനത്തിൽ മന്ത്രി തെന്മല ഇക്കോടൂറിസം മേഖലയിലെത്തുകയും അഡ്വഞ്ചർ സോൺ, തെന്മല ഡാം പരിസരം എന്നിവിടങ്ങളിൽ സന്ദർശനം നടത്തുകയും ചെയ്തു.

ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും അഭിപ്രായം യോഗത്തിൽ ഉന്നയിച്ചു.

നിലവിൽ പ്രവർത്തനം നിലച്ച ചിൽഡ്രൻസ് പാർക്ക്, ലൈറ്റ് ആൻഡ് സൗണ്ട് എന്നിവ പ്രവർത്തനം ആരംഭിക്കും. മ്യൂസിക്കൽ ഫൗണ്ടെൻ നിർമാണത്തിലുണ്ടായ അശാസ്ത്രീയത പരിഹരിച്ച് സഞ്ചാരികൾക്കായി തുറന്ന് നൽകും. വിനോദസഞ്ചാര വകുപ്പ് 4.5 കോടി രൂപ അധുവദിച്ച് കെഐപി യിൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം സഞ്ചാരികൾക്കായി ഉടൻ തുറന്ന് നൽകും.

ഉപയോഗശൂന്യമായി കിടക്കുന്ന കോട്ടേഴ്സുകൾ സഞ്ചാരികൾക്ക് താമസിക്കാൻ കഴിയുന്ന നിലയിൽ പുനരുദ്ധാരണ നടത്തും, കാലാവധി കഴിഞ്ഞ ബോട്ടുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കും. കൃത്യമായ ഇടവേളകളിൽ ഡയറക്ടർ ബോർഡ് യോഗം കൂടാനും ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്താനും തീരുമാനിച്ചു.

നിലവിലുള്ള പദ്ധതികൾ വിജയകരമായി പ്രവർത്തനം ആരംഭിച്ച ശേഷം വീണ്ടും സന്ദർശനം നടത്തി പ്രവ ർത്തനപുരോഗതിവിലയിരുത്തുമെന്നും രാജ്യത്തെ തന്നെ മുൻനിര ടൂറിസം ആയി തെന്മലയെ മാറ്റുമെന്നും മന്ത്രി പറഞ്ഞു.

യോഗത്തിൽ സി. അജയപ്രസാദ് എംഎൽഎ, തെന്മല ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശോഭാ സതീശൻ, ജില്ല പഞ്ചായത്തംഗം റീന ഷാജഹാൻ തെന്മല ഗ്രാമപഞ്ചായത്തംഗങ്ങായ സുനിൽകുമാർ, ആരോമൽ തെന്മല വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ ആർ. മോഹനൻ, സുരേഷ്, നെൽസൺ സെബാസ്റ്റ്യൻ, കെ. ശശിധരൻ, സഞ്ജയ് ഖാൻ, സി. വിജയകുമാർ, നാസർ ഖാൻ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.



# വാട്ടർ മെട്രോ എറണാകുളം ജെട്ടി ടെർമിനൽ ഒരു വർഷത്തിനകം

**കൊച്ചി:** വാട്ടർ മെട്രോ പദ്ധതിയുടെ ഭാഗമായി എറണാകുളം ബോട്ട് ജെട്ടിക്ക് സമീപം നിർമിക്കുന്ന പുതിയ വാട്ടർ മെട്രോ ടെർമിനൽ ഒരു വർഷത്തിനകം പൂർത്തിയാകും. ഈ മാസം എട്ടിന് ആരംഭിച്ച നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഹൈക്കോടതി ടെർമിനൽ കഴിഞ്ഞാൽ വാട്ടർ മെട്രോ ശൃംഖലയിലെ ഏറ്റവും വലിയ ടെർമിനലാണിത്.

32 കോടി രൂപ ചെലവ് വരുന്ന ടെർമിനൽ പരമ്പരാഗത കേരളീയ വാസ്തുശില്പ രീതിയിലാണ് രൂപകൽപന ചെയ്തിരിക്കുന്നത്. രണ്ടു നിലകളിലായി 18,000 ചതുരശ്ര അടിയാണ് വിസ്തീർണം. 9,000 ചതുരശ്ര അടി വരുന്ന കെട്ടിടത്തിൻറെ ഒന്നാം നില പൂർണമായും വാണിജ്യ ആവശ്യങ്ങൾക്കായി മാറ്റിവയ്ക്കും. പൈലിംഗ് ജോലികളാണ് ഇപ്പോൾ നടക്കുന്നത്. 45 മീറ്റർ ആഴത്തിൽ ഒരു മീറ്റർ, 600 എംഎം വ്യാസമുള്ള 72 പൈലുകളാണ് നിർമാണത്തിനായി ഉപയോഗിക്കുന്നത്. 24 മണിക്കൂറും പൈലിംഗ് നടത്തുന്നുണ്ട്. കൂൾ ഹോം ബിൽഡേഴ്സ് ആണ് കോൺട്രാക്ടിംഗ് കമ്പനി. കിറ്റ്കോയാണ് ഡിസൈൻ കൺസൾട്ടൻറ്. ടെർമിനൽ പ്രവർത്തനസജ്ജമാകുമ്പോൾ മട്ടാഞ്ചേരി, ഫോർട്ട്കൊച്ചി, കുമ്പളം, ഇടക്കൊച്ചി എന്നിവിടങ്ങളിലേക്ക് എറണാകുളം ടെർമിനലിൽ നിന്ന് നേരിട്ട് സർവീസ് നടത്താനാകും. നാല് സ്ഥലങ്ങളിലേക്ക് സർവീസുള്ള വാട്ടർ മെട്രോയുടെ ഏറ്റവും തിരക്കുള്ള ടെർമിനൽ ആയിരിക്കും ഇത്.

രണ്ടു ഫ്ളോട്ടിംഗ് ജെട്ടികളാണ് വിഭാവന ചെയ്തിരിക്കുന്നത്. ആദ്യഘട്ടത്തിൽ ഒരു ഫ്ളോട്ടിംഗ് ജെട്ടിയാകും പൂർത്തിയാക്കുക. ബോട്ടുകൾക്കുള്ള ചാർജിംഗ് പോയിൻറുകൾ, ഫ്യൂവലിംഗ് സ്റ്റേഷൻ എന്നിവ ഇവിടെ സജ്ജീകരിക്കും. കൂടാതെ ഇടക്കൊച്ചി, വരാപ്പുഴ ടെർമിനലുകളുടെ ടെൻഡർ നടപടികളും പൂർത്തിയായിവരുന്നു.

# തൊഴിലാളി സംരക്ഷണം സർക്കാർ ലക്ഷ്യം: മുഖ്യമന്ത്രി

**തിരുവനന്തപുരം:** സ്വകാര്യവത്കരണം യുഡിഎഫ് സർക്കാരിന്റെ നയമല്ലെന്നും ഖജനാവ് ചോർത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ അതേ നിലയിൽ സംരക്ഷിക്കാൻ സാധിക്കില്ലെന്നും മുഖ്യമന്ത്രി വി.ഡി. സതീശൻ. ഐഎൻടിയുസി സംസ്ഥാന നേതൃയോഗം തിരുവനന്തപുരം പബ്ലിക് ലൈബ്രറി ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. ഐഎൻടിയുസി സംസ്ഥാന പ്രസിഡൻറ് ആർ. ചന്ദ്രശേഖരൻ അധ്യക്ഷത വഹിച്ചു.

ദേശീയ സംസ്ഥാന നേതാക്കളായ പി.ജെ. ജോയി, വി.ആർ. പ്രതാപൻ, വി.ജെ. ജോസഫ്, കൊല്ലം മേയർ എ.കെ. ഹഫീസ്, സിറിയക് തോമസ് എംഎൽഎ, തമ്പി കണ്ണാടൻ, കെ.കെ. ഇബ്രാഹിംകുട്ടി, പി.പി. ആലി, സുന്ദരൻ കുന്നത്തുള്ളി, കൃഷ്ണവേണി ജി. ശർമ, പി.ജി. ദേവ്, കാർത്തിക് ശശി തുടങ്ങിയവർ പ്രസംഗിച്ചു.



# തേയിലത്തോട്ടങ്ങളിൽ സ്പ്രിംഗ്ലർ ജലസേചനം ആരംഭിച്ചു

**നെല്ലിയാമ്പതി:** വേനൽച്ചൂട് ശക്തമായതോടെ നെല്ലിയാമ്പതിയിലെ തേയിലത്തോട്ടങ്ങളിൽ ജലസേചനം ആരംഭിച്ചു. പലകപാണ്ടി, പുലയൻപാറ, ലില്ലി ഡിവിഷൻ തുടങ്ങിയ സ്വകാര്യ തോട്ടങ്ങളിലാണ് തേയിലച്ചെടികൾക്ക് സ്പ്രിംഗ്ലർ സംവിധാനത്തിലൂടെ വെള്ളം നനയ്ക്കാൻ തുടങ്ങിയത്. മഴയുടെ ലഭ്യത കുറഞ്ഞതും പകൽസമയങ്ങളിൽ ചൂട് കൂടിയതും തേയിലച്ചെടികളുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിലാണ് തോട്ടങ്ങളിൽ ജലസേചനം വ്യാപകമാക്കുന്നത്.

സാധാരണയായി തണുപ്പും ഈർപ്പവും നിലനിൽക്കുന്ന നെല്ലിയാമ്പതി മലനിരകളിൽ ഇത്തവണ ചൂട് വർധിച്ചതോടെ തേയിലക്കൊളുന്തിന്റെ വളർച്ചയിലും കുറവുണ്ടാകുന്നുണ്ട്. മണ്ണിലെ ഈർപ്പം നിലനിർത്തുന്നതിനും ചെടികൾക്ക് ആവശ്യമായ ജലലഭ്യത ഉറപ്പാക്കുന്നതിനുമാണ് തോട്ടങ്ങളിൽ സ്പ്രിംഗ്ലർ സംവിധാനം ഉപയോഗിച്ച് വെള്ളം തളിക്കുന്നത്.

അതേസമയം നെല്ലിയാമ്പതി ചുരം റോഡിനോട് ചേർന്നുള്ള നീർച്ചാലുകളിലും വെള്ളച്ചാട്ടങ്ങളിലും ജലലഭ്യത ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കനത്ത ചൂടിനെ തുടർന്ന് നീർച്ചാലുകളിലേക്കുള്ള നീരൊഴുക്ക് കുറഞ്ഞതോടെ പല ഭാഗങ്ങളിലും നേരിയ തോതിൽ മാത്രമാണ് വെള്ളം ലഭിക്കുന്നത്. സ്ഥിരമായി വെള്ളം ലഭിച്ചിരുന്ന ചില നീരുറവകളും ഇപ്പോൾ വറ്റുന്ന സ്ഥിതിയിലായതായി പ്രദേശവാസികൾ പറയുന്നു.

വനമേഖലയിലെ ജലസ്രോതസുകളിൽ ജലലഭ്യത കുറഞ്ഞതോടെ വന്യമൃഗങ്ങൾ വെള്ളം തേടി വനത്തിൽനിന്ന് പുറത്തേക്കിറങ്ങുന്ന സാഹചര്യം തുടരുകയാണ്. പ്രത്യേകിച്ച് ആന, കാട്ടുപന്നി, കരടി തുടങ്ങിയ വന്യമൃഗങ്ങളുടെ സാനിധ്യം ജനവാസമേഖലകളിലും തോട്ടമേഖലകളിലും വർധിക്കാനുള്ള സാധ്യതയും ആശങ്ക ഉയർത്തുന്നുണ്ട്. വെള്ളം തേടി വന്യമൃഗങ്ങൾ പോത്തുണ്ടി ഡാമിൻറെ ഭാഗങ്ങളിലേക്ക് ഇറങ്ങുന്നതായും റിപ്പോർട്ടുകളുണ്ട്.

ചൂട് ഇനിയും ശക്തമാകുകയും മഴ ലഭിക്കാതിരിക്കുകയും ചെയ്താൽ തേയില ഉൾപ്പെടെയുള്ള കാർഷികവിളകളെ ഇത് കൂടുതൽ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്കയിലാണ് തോട്ടം മേഖലയിലുള്ളവർ. വനമേഖലയിലെ സ്വാഭാവിക ജലസ്രോതസുകൾ സംരക്ഷിക്കുന്നതിനും വന്യമൃഗങ്ങൾക്ക് ആവശ്യമായ ജലലഭ്യത ഉറപ്പാക്കുന്നതിനും അടിയന്തര നടപടികൾ വേണമെന്ന ആവശ്യവും ഉയരുന്നുണ്ട്.



ആസാദ് മൂപ്പൻ ഡോ. ഷംസീർ വയലിൽ

# ഫോബ്സ് മിഡിൽ ഈസ്റ്റ് ഹെൽത്ത്കെയർ പട്ടിക: ടോപ് ഫൈവിൽ രണ്ട് മലയാളികൾ

**ദുബായ്:** പ്രമുഖ ബിസിനസ് മാഗസിനായ ഫോബ്സ് മിഡിൽ ഈസ്റ്റ് പുറത്തുവിട്ട 2026ലെ ടോപ്പ് ഹെൽത്ത്കെയർ ലീഡേഴ്സ് പട്ടികയിൽ മികച്ച നേട്ടം കൈവരിച്ച് മലയാളി സംരംഭകരും എക്സിക്യൂട്ടിവുകളും. ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ ഫൗണ്ടർ ചെയർമാനും മാനെജിങ് ഡയറക്റ്ററുമായ ഡോ. ആസാദ് മൂപ്പനും, ബുർജീൽ ഹോൾഡിങ്സ് ഫൗണ്ടറും ചെയർമാനും സിഇഒയുമായ ഡോ. ഷംസീർ വയലിലുമാണ് ഈ അഭിമാന പട്ടികയിൽ ആദ്യ അഞ്ചിൽ ഇടം കണ്ടെത്തിയ മലയാളികൾ.

ആരോഗ്യമേഖലയിലെ വളർച്ച, നിക്ഷേപം, നവീകരണം, വിപുലീകരണം, വ്യവസായ രംഗത്തെ സ്വാധീനം എന്നിവ വിലയിരുത്തിയാണ് ഫൗണ്ടർ, എക്സിക്യൂട്ടീവ് എന്നീ രണ്ട് വിഭാഗങ്ങളിലായി റാങ്കിങ് പ്രഖ്യാപിച്ചത്. സ്ഥാപകരുടെ വിഭാഗത്തിൽ മൂന്നാം സ്ഥാനത്താണ് ഡോ. ആസാദ് മൂപ്പൻ. 1987ൽ ദുബായിൽ ഒരു ചെറിയ ക്ലിനിക്കായി തുടങ്ങിയ ആസ്റ്റർ ഗ്രൂപ്പിൽ ഗൾഫ് രാജ്യങ്ങളിലും ഇന്ത്യയിലുമായി ഇപ്പോൾ 1,025 സ്ഥാപനങ്ങളുണ്ട്. ആസ്റ്ററിൽ 65,000ത്തിലധികം ജീവനക്കാർ ജോലി ചെയ്യുന്നതായി ഫോബ്സ് റിപ്പോർട്ടിൽ പറയുന്നു. ജിസിസിയിൽ 16 ആശുപത്രികളും 128 ക്ലിനിക്കുകളും 360 ഫാർമസികളും ആസ്റ്ററിന് കീഴിലുണ്ട്.

പട്ടികയിൽ നാലാം സ്ഥാനത്താണ് ബുർജീൽ ഹോൾഡിങ്സ് സ്ഥാപകനായ ഡോ. ഷംഷീർ വയലിൽ. 2007ൽ അബുദാബിയിൽ ബുർജീൽ ഹോൾഡിങ്സ് സ്ഥാപിച്ച അദ്ദേഹം ചെയർമാൻ പദവിക്ക് പുറമെ കഴിഞ്ഞ വർഷം ഡിസംബറിൽ സിഇഒ പദവിയും ഏറ്റെടുത്തിരുന്നു. യുഎഇയിലും സൗദി അറേബ്യയിലുമായി നൂറോളം ആസ്തികളുള്ള ശൃംഖലയിൽ 20 ആശുപത്രികളാണുള്ളത്. പതിനാലായിരത്തിലധികം പേർ ജോലി ചെയ്യുന്ന ബുർജീൽ ഹോൾഡിങ്സ് പ്രതിവർഷം ഏഴു ദശലക്ഷത്തിലധികം രോഗികൾക്കാണ് സേവനം നൽകുന്നത്.

ഫൗണ്ടർമാരുടെ പട്ടികയിൽ മറ്റ് മുൻനിര മലയാളി സംരംഭകരും സജീവ സാന്നിധ്യമായുണ്ട്. അബീർ മെഡിക്കൽ ഗ്രൂപ്പ് ഫൗണ്ടറും ചെയർമാനും പ്രസിഡൻറുമായ മുഹമ്മദ് ആലുങ്ങൽ പട്ടികയിൽ 40ാം സ്ഥാനത്താണ്.

33 ഹോൾഡിങ്സ് ചെയർമാനും മാനെജിങ് ഡയറക്റ്ററുമായ മുഹമ്മദ് മിയാൻദാദ് വി.പി 42ാം സ്ഥാനത്തുണ്ട്. ഡോ. സണ്ണി ഹെൽത്ത് കെയർ ഗ്രൂപ്പ് ഫൗണ്ടറും ചെയർമാനുമായ ഡോ. സണ്ണി കുര്യനാണ് 43ാം സ്ഥാനത്ത്.

ഫോബ്സ് മിഡിൽ ഈസ്റ്റിൻറെ പ്രത്യേക ഹെൽത്ത്കെയർ എക്സിക്യൂട്ടീവ്സ് പട്ടികയിലും പ്രഗത്ഭ മലയാളി പ്രൊഫഷണലുകൾ ഇടംപിടിച്ചിട്ടുണ്ട്. ആസ്റ്റർ ഹോസ്പിറ്റൽസ് ആൻഡ് ക്ലിനിക്സിന്റെ യുഎഇ, ഒമാൻ, ബഹ്റൈൻ മേഖലകളിലെ ഗ്രൂപ്പ് സി.ഇ.ഒ ഷെർബാസ് ബിച്ചു 17ാം സ്ഥാനത്താണ്. മെഡ്കെയർ ഹോസ്പിറ്റൽസ് ആൻഡ് മെഡിക്കൽ സെൻറേഴ്സ് ഗ്രൂപ്പ് സിഇഒ ഷാനില ലൈജു 64ാം സ്ഥാനം നേടി.



സൂപ്പർ ലീഗ് കേരള മൂന്നാം സീസൺ പ്രഖ്യാപനം സൂപ്പർ ലീഗ് കേരള മാനേജിങ് ഡയറക്ടർ ഫിറോസ് മീരാനും ഡയറക്ടറും സിഇഒയുമായ മാത്യു ജോസഫും കൊച്ചിയിൽ വാർത്ത സമ്മേളനത്തിൽ.

# സൂപ്പർ ലീഗ് കേരള സീസൺ 3 25ന് ആരംഭിക്കും

**കൊച്ചി:** മാമാങ്കത്തിനും ഉജ്ജ്വലമായ ആവേശകരമായ ഫുട്ബോൾ വിനോദപരിപാടികൾക്കും വേദിയൊരുക്കിക്കൊണ്ട് അമുൽ അവതരിപ്പിക്കുന്ന വൈറ്റ് ഗോൾഡ് സൂപ്പർ ലീഗ് കേരളയുടെ മൂന്നാം സീസൺ സെപ്റ്റംബർ 25ന് ആരംഭിക്കുന്നു. കായിക പ്രേമികൾക്കും പ്രമുഖ വ്യക്തികൾക്കും മുന്നിൽ ലീഗിന്റെ പുതിയ സംപ്രേഷണ പങ്കാളിത്തം, പുതിയ ട്രോഫി, മത്സരക്രമത്തിലെ മാറ്റങ്ങൾ എന്നിവയുടെ വിവരങ്ങൾ ലീഗ് അധികൃതർ പുറത്തുവിട്ടു.

പ്രാദേശിക ഫുട്ബോളിന്റെ വളർച്ചയിൽ വലിയൊരു നാഴികക്കല്ലായി മാറിയ ലീഗിൽ, സീ എന്റർടൈൻമെന്റിനെ ഈ സീസണിലെ ഔദ്യോഗിക സംപ്രേഷണ പങ്കാളിയായി സൂപ്പർ ലീഗ് കേരള പ്രഖ്യാപിച്ചു. എല്ലാ മത്സരങ്ങളും സീ5 ഡിജിറ്റൽ പ്ലാറ്റ്ഫോമിലും, ഒപ്പം യുണൈറ്റ് 8 സ്പോർട്ട്ലിലും ലൈവ് ആയി കാണാൻ സാധിക്കും. കൂടാതെ എത്തിസലാത് വഴി യു.എ.ഇ പ്രേക്ഷകരിലേക്കും മത്സരങ്ങൾ എത്തിച്ചേരും.

'സീ എന്റർടൈൻമെന്റുമായുള്ള പങ്കാളിത്തവും സീ5, യുണൈറ്റ് 8 സ്പോർട്ട്, എത്തിസലാത് തുടങ്ങിയ പ്ലാറ്റ്ഫോമുകളിലൂടെയുള്ള ആഗോള വ്യാപനവും സൂപ്പർ ലീഗ് കേരളയെ സംബന്ധിച്ചിടത്തോളം വലിയൊരു മുന്നേറ്റമാണ്. കേരള ഫുട്ബോളിന്റെ ആവേശം രാജ്യത്തിനകത്തും യു.എ.ഇയിലുമുള്ള എല്ലാ ആരാധകരിലേക്കും എത്തിക്കാനും ആവേശകരമായ നിമിഷങ്ങൾ നഷ്ടപ്പെടില്ലെന്ന് ഉറപ്പാക്കാനും ഇതിലൂടെ സാധിക്കുന്നു.' മാത്യു ജോസഫ്, ഡയറക്ടർ & സി.ഇ.ഒ, സൂപ്പർ ലീഗ് കേരള പറഞ്ഞു.

മത്സരങ്ങളുടെ ആവേശം വർധിപ്പിക്കുന്നതിനായി ലീഗ് ഘട്ടത്തിൽ പോയിന്റ് പട്ടികയിൽ ഒന്നാമതെത്തുന്ന ടീമിന് സമ്മാനിക്കുന്നതിനായി 'സൂപ്പർ ലീഗ് കേരള ഷീൽഡ്' എന്ന പേരിൽ പുതിയൊരു ട്രോഫി കൂടി ഈ സീസണിൽ അവതരിപ്പിച്ചിട്ടുണ്ട്

പോയിന്റ് പട്ടികയിൽ ഒന്നാം സ്ഥാനത്ത് എത്തുന്ന ടീമിനെ ആദരിക്കുന്ന സൂപ്പർ ലീഗ് കേരള ഷീൽഡ് അവതരിപ്പിക്കുന്നതിലൂടെ ലീഗ് മത്സരങ്ങൾക്ക് കൂടുതൽ വാശിയും വീറും കൈവരുന്നു. ഞങ്ങളുടെ ക്ലബ്ബുകൾക്കും ആരാധകർക്കും വേണ്ടി നിലവാരം ഉയർത്തുന്ന ഒന്നായിരിക്കും സീസൺ 3 എന്ന് ഞങ്ങൾക്ക് ഉറപ്പ് നൽകാൻ കഴിയുയുമെന്ന് സൂപ്പർ ലീഗ് കേരള മാനേജിങ് ഡയറക്ടർ ഫിറോസ് മീരാൻ പറഞ്ഞു.

എല്ലാ പ്രായത്തിലുമുള്ള ആരാധകർക്കും മത്സരദിനത്തിലെ അനുഭവം പൂർണ്ണമായി ആസ്വദിക്കാൻ കഴിയുന്ന തരത്തിൽ മത്സരങ്ങൾക്കിടയിൽ കൂടുതൽ വിനോദ പരിപാടികൾ ഉൾപ്പെടുത്താനും ലീഗ് ലക്ഷ്യമിടുന്നുണ്ട്. കൂടാതെ, ആരാധകർ ഏറെ ആസ്വദിച്ച ഹാഫ് ടൈം ഷോ ഈ സീസണിലെ പ്രധാന മത്സരങ്ങളിൽ ഉണ്ടായിരിക്കുന്നതാണ്.

മത്സരങ്ങളുടെ എണ്ണം 33ൽ നിന്ന് 35 ആയി ഈ സീസണിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഒപ്പം ഹോം ആന്റ് എവേ അടിസ്ഥാനത്തിലുള്ള രണ്ട് പാദങ്ങളായി സെമി ഫൈനലുകളും ഉൾപ്പെടുത്തിയിരിക്കുന്നു. ലീഗ് ഘട്ടത്തിലെ മത്സരങ്ങൾ 90 മിനിറ്റിനു ശേഷം സമനിലയിൽ അവസാനിച്ചാൽ നേരെ പെനാൽറ്റി ഷൂട്ടൗട്ടിലേക്ക് കടക്കുന്ന രീതിയാണ് ഇത്തവണയുള്ളത്. പുതിയ 321 പോയിന്റ് ഘടന പ്രകാരം 90 മിനിറ്റിൽ വിജയിക്കുന്ന ടീമിന് 3 പോയിന്റും, പെനാൽറ്റി ഷൂട്ടൗട്ടിൽ വിജയിക്കുന്ന ടീമിന് 2 പോയിന്റും (തോൽക്കുന്ന ടീമിന് 1 പോയിന്റ്) ലഭിക്കും. നോക്കൗട്ട് മത്സരങ്ങളിൽ പതിവുപോലെ എക്സ്ട്രാ ടൈമും അതിനുശേഷം പെനാൽറ്റിയും ഉണ്ടായിരിക്കും. കാലിക്കറ്റ് എഫ്.സി, ഫോഴ്സ മകൊച്ചി എഫ്.സി, കണ്ണൂർ വാരിയേഴ്സ് എഫ്.സി, മലപ്പുറം എഫ്.സി, തിരുവനന്തപുരം കൊമ്പൻസ് എഫ്.സി, തൃശൂർ മാജിക് എഫ്.സി എന്നീ ആറ് ഫേവറിറ്റ് ക്ലബ്ബുകൾ സീസൺ 3ൽ മാറ്റുരയ്ക്കുന്നുണ്ട്. ആറ് ക്ലബ്ബുകളിലുമായി ആകെ 162 താരങ്ങളാണ് ഇത്തവണ കരാറിലെത്തിയിരിക്കുന്നത്. ഇതിൽ 17 രാജ്യങ്ങളിൽ നിന്നുള്ള 34 അന്താരാഷ്ട്ര താരങ്ങളും മികച്ച യുവ ഇന്ത്യൻ താരങ്ങളും ഉൾപ്പെടുന്നു. ഒപ്പം 'പ്രൊജക്റ്റ് ഗെയിം ചേഞ്ചർ' പദ്ധതിയുടെ ഭാഗമായ താരങ്ങളും വിവിധ ക്ലബ്ബുകളിൽ ഇടം നേടിയിട്ടുണ്ട്.

നിലവിലെ ചാമ്പ്യന്മാരായ കണ്ണൂർ വാരിയേഴ്സ് എഫ് സി യും തൃശൂർ മാജിക് എഫ്.സിയും തമ്മിൽ കണ്ണൂർ ജവഹർ മുനിസിപ്പൽ സ്റ്റേഡിയത്തിൽ വെച്ച് നടക്കുന്ന ഉദ്ഘാടന മത്സരത്തോടെ സെപ്റ്റംബർ 25ന് സീസൺ 3 ഔദ്യോഗികമായി തുടക്കമാകും. പ്രശസ്ത റാപ്പർ ഡബ്ലിയുടെ ഹാഫ് ടൈം ലൈവ് പെർഫോമൻസും ഉദ്ഘാടന മത്സരത്തോടനുബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്

# ബ്രെയിൻ ഹണ്ട് 2026: ബൗദ്ധിക മികവിന്റെ ആഘോഷം; ഭവൻസ് വിദ്യാമന്ദിർ, ഗിരിനഗർ ജേതാക്കൾ

**കൊച്ചി:** റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ക്വീൻ സിറ്റി സംഘടിപ്പിച്ച അഞ്ചാമത് ബ്രെയിൻ ഹണ്ട് 2026 അന്തർസ്കൂൾ ക്വിസ് മത്സരം സെപ്റ്റംബർ 19ന് എറണാകുളം സെന്റ് തെരേസാസ് കോളേജിൽ നടന്നു. 35ലധികം സ്കൂളുകളിൽ നിന്നായി 91 ടീമുകൾ പങ്കെടുത്ത മത്സരം മികച്ച മത്സരവീര്യത്തിനും ആവേശത്തിനും സാക്ഷ്യം വഹിച്ചു.

ഭവൻസ് വിദ്യാമന്ദിർ, ഗിരിനഗറിലെ കിരൺ തോമസ്, നകുൽ, സാകേത് സന്ദീപ് എന്നിവരടങ്ങിയ ടീം ബ്രെയിൻ ഹണ്ട് 2026ൽ ഒന്നാം സ്ഥാനം നേടി.

രാജഗിരി പബ്ലിക് സ്കൂൾ, കളമശ്ശേരിയിലെ ഏബൽ സേവ്യർ, ജോസഫ് ടോം, ലൂക്ക് ജോസ് ജോർജ് എന്നിവർ ഉൾപ്പെട്ട ടീം രണ്ടാം സ്ഥാനം കരസ്ഥമാക്കി.

ഭവൻസ് വിദ്യാമന്ദിർ, എളമക്കരയിലെ അദ്വൈത് സുബ്രഹ്മണി ആനന്ദ്, ആര്നവ് രാഹുൽ, പ്രണവ് സന്തോഷ് എന്നിവർ മൂന്നാം സ്ഥാനത്തിനർഹരായി.

സമാപനച്ചടങ്ങിൽ റോട്ടറി മുൻ ഡിസ്ട്രിക്ട് ഗവർണർ ആർടിഎൻ. വേണുഗോപാൽ സി. ഗോവിന്ദ് മുഖ്യാതിഥിയായിരുന്നു. റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ക്വീൻ സിറ്റി പ്രസിഡന്റ് ആർടിഎൻ. ലിജി എബ്രഹാം, ഇവന്റ് ചെയർ ആർടിഎൻ. മോഹൻ എസ്. മേനോൻ, ഡിസ്ട്രിക്ട് ഡയറക്ടർ ആർടിഎൻ. സതീഷ് വാര്യർ, അസിസ്റ്റന്റ് ഗവർണർ ആർടിഎൻ. ബാലചന്ദ്ര പണിക്കർ, ജിജിആർ ആർടിഎൻ. ദീപ അലക്സ് എന്നിവർ ചടങ്ങിൽ പങ്കെടുത്ത് വിജയികളെയും മത്സരാർത്ഥികളെയും അഭിനന്ദിച്ചു.

ആദ്യ സീസൺ മുതൽ ബ്രെയിൻ ഹണ്ടിന്റെ ക്വിസ് മാസ്റ്ററായി പ്രവർത്തിച്ചുവരുന്ന പി.ജി.ആർ.നായർ തന്നെയാണ് ഇത്തവണയും ക്വിസ് നിയന്ത്രിച്ചത്. യുവതലമുറയിലെ അറിവിനോടും ബൗദ്ധിക അന്വേഷണങ്ങളോടുമുള്ള താൽപര്യത്തിന്റെ പ്രതിഫലനമാണ് ബ്രെയിൻ ഹണ്ടിന്റെ വളർച്ചയെന്ന് അദ്ദേഹം പറഞ്ഞു.



# ടാറ്റ എഐഎ ശുഭ് എസ്ഐപി അവതരിപ്പിച്ചു

**കൊച്ചി:** ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസ് പുതിയ യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാൻ ആയ ടാറ്റ എഐഎ ശുഭ് എസ്ഐപി പുറത്തിറക്കി. സമ്പാദ്യ രൂപീകരണം, സുരക്ഷ, റിട്ടയർമെൻറ് പ്ലാനിംഗ് എന്നിവ ഒരൊറ്റ ഫ്ലെക്സിബിൾ സൊല്യൂഷനിൽ കൊണ്ടുവരുന്നതിനായി രൂപകൽപ്പന ചെയ്ത ഒരു യൂണിറ്റ്ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാൻ ആണിത്. വിപണിയുമായി ബന്ധിപ്പിച്ചുള്ള ഒരു നിക്ഷേപം കെട്ടിപ്പടുക്കാനും, കുടുംബത്തിന്റെ സാമ്പത്തിക സുരക്ഷ ഉറപ്പാക്കാനും, റിട്ടയർമെൻറ് സമയത്ത് കൃത്യമായ രീതിയിൽ തുക പിൻവലിക്കാനും വ്യക്തികളെ സഹായിക്കുന്ന രീതിയിലാണ് ഈ പ്ലാൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ദീർഘകാല സാമ്പത്തിക പരിഹാരങ്ങൾ തേടുന്ന വ്യക്തികൾക്ക് ടാറ്റ എഐഎ ശുഭ് എസ്ഐപി ഡിജിറ്റലായി ലഭ്യമാക്കുന്നതിനായി, മുൻനിര ഓൺലൈൻ ഇൻഷുറൻസ് പ്ലാറ്റ്ഫോമുകളിലൊന്നായ പോളിസിബസാറുമായി ടാറ്റ എഐഎ പങ്കാളിത്തത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

ദീർഘകാലാടിസ്ഥാനത്തിൽ സമ്പത്ത് വർധിപ്പിക്കാൻ ലക്ഷ്യമിടുന്നവർക്കായി വിപണിയുമായി ബന്ധിപ്പിച്ചുള്ള നിക്ഷേപ അവസരങ്ങളും ഒപ്പം ലോയൽറ്റി അഡിഷനുകളും മെച്യൂരിറ്റി ബൂസ്റ്ററുകളും ഈ പ്ലാൻ ലഭ്യമാക്കുന്നുണ്ട്. കുടുംബത്തിന്റെ ഉത്തരവാദിത്തങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് മികച്ച സാമ്പത്തിക പരിരക്ഷ നൽകാനും ഈ പദ്ധതി സഹായിക്കും. രക്ഷിതാവിന്റെ അപ്രതീക്ഷിത വിയോഗമുണ്ടായാൽ, ഭാവിയിലെ പ്രീമിയം അടവുകൾ ഒഴിവാക്കുന്ന വെയ്വർ ഓഫ് പ്രീമിയം ആനുകൂല്യവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉപഭോക്താക്കൾ തിരഞ്ഞെടുക്കുന്ന ഓപ്ഷനുകൾ അനുസരിച്ച് പ്രീമിയത്തിന്റെ ഒന്നോ രണ്ടോ മൂന്നോ ഇരട്ടി തുക വരെ ഫണ്ട് ലഭ്യമാക്കുന്ന തരത്തിൽ ഈ ആനുകൂല്യം വർദ്ധിപ്പിക്കാനും സാധിക്കും.

റിട്ടയർമെന്റ് കാലഘട്ടത്തിലേക്ക് കടക്കുന്നവർക്കായി മികച്ചൊരു റിട്ടയർമെന്റ് ഫണ്ട് രൂപീകരിക്കാനും അറുപത് വയസ് മുതൽ ഓട്ടോമാറ്റിക് സിസ്റ്റമാറ്റിക് വിത്ഡ്രോവൽ പ്ലാൻ ആരംഭിക്കാനുമുള്ള സൗകര്യവും ഇതിലുണ്ട്. നിശ്ചിത തുകയായോ അല്ലെങ്കിൽ ഫണ്ട് മൂല്യത്തിന്റെ നിശ്ചിത ശതമാനമായോ പിൻവലിക്കലുകൾ നടത്താൻ ഉപഭോക്താക്കൾക്ക് ഇതിലൂടെ കഴിയും.

കൂടാതെ, ആവശ്യമുള്ള സമയത്ത് സ്വരൂപിച്ച ഫണ്ടുകൾ ലഭ്യമാക്കുന്നതിനായി ഭാഗികമായി തുക പിൻവലിക്കാനുള്ള സൗകര്യവും ഓട്ടോമാറ്റിക് ഭാഗിക പിൻവലിക്കൽ സംവിധാനവും പദ്ധതിയുടെ പ്രധാന സവിശേഷതകളാണ്.

കുടുംബത്തിന്റെ സാമ്പത്തിക ആസൂത്രണം കൂടുതൽ സുരക്ഷിതമാക്കുന്നതിനായി നോമിനി കണ്ടിന്വേഷൻ അവകാശങ്ങളും ടാറ്റ എഐഎ ശുഭ് എസ്ഐപി നൽകുന്നുണ്ട്. പോളിസി ഉടമയുടെ മരണശേഷം ഫണ്ട് മാറ്റങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യാനും പോളിസി തുടരാനും ഈ ആനുകൂല്യം നോമിനികളെ സഹായിക്കും.



## നയാര എനർജി കാൻക്യുവർ ഫൗണ്ടേഷൻ സഹകരണം

**കൊച്ചി:** കൊച്ചിയിലെ നിർദ്ധനരായ രോഗികൾക്ക് സൗജന്യ ഡയാലിസിസും പാലിയേറ്റീവ് പരിചരണവും ഉറപ്പാക്കുന്നതിനായി മുൻനിര ഊർജ്ജപെട്രോകെമിക്കൽ കമ്പനിയായ നയാര എനർജിയും കാൻക്യുവർ ഫൗണ്ടേഷനും പങ്കാളിത്തത്തിൽ ഏർപ്പെട്ടു. പദ്ധതിക്കായി രണ്ട് വർഷത്തേക്ക് 2 കോടി രൂപയുടെ സിഎസ്ആർ സാമ്പത്തിക സഹായമാണ് നയാര എനർജി നൽകുന്നത്.

ഗുരുതരമായ വൃക്കരോഗം ബാധിച്ചവർക്കായി പ്രതിവർഷം 6,000ത്തോളം സൗജന്യ ഡയാലിസിസ് സെഷനുകളും, 50ലധികം രോഗികൾക്ക് വർഷം മുഴുവൻ നീളുന്ന ചികിത്സാ പിന്തുണയും പദ്ധതിയിലൂടെ ഉറപ്പാക്കും. കൂടാതെ ആരും സഹായത്തിനില്ലാത്തവരും ഗുരുതരാവസ്ഥയിലുള്ളതുമായ രോഗികൾക്കായി 40 ബെഡുകളുള്ള പാലിയേറ്റീവ് കെയർ കേന്ദ്രം പ്രവർത്തിപ്പിക്കുകയും, ഇതിലൂടെ 40ഓളം രോഗികൾക്ക് തുടർച്ചയായ പരിചരണ സേവനം ലഭ്യമാക്കുകയും ചെയ്യും.

ആരോഗ്യ പ്രശ്നങ്ങൾ ചികിത്സയിൽ മാത്രം ഒതുങ്ങുന്നില്ലെന്നും രോഗികൾക്കും കുടുംബങ്ങൾക്കും സാമ്പത്തികവും മാനസികവുമായ വലിയ ഭാരമാണ് ഉണ്ടാക്കുന്നതെന്നും നയാര എനർജി എക്സിക്യൂട്ടീവ് ചെയർമാൻ പ്രസാദ് കെ. പണിക്കർ പറഞ്ഞു.

## മാത്ത്‌വർക്സ് ഇൻസ്റ്റിറ്റ്യൂഷണൽ ക്രെഡൻഷ്യൽ ഏറ്റുവാങ്ങി അമൽജ്യോതി കോളജ്

**കാഞ്ഞിരപ്പള്ളി:** അമൽജ്യോതി കോളജ് ഓഫ് എൻജിനിയറിംഗ് (ഓട്ടോണമസ്) മാത്ത്‌വർക്സ് ഇൻസ്റ്റിറ്റ്യൂഷണൽ ക്രെഡൻഷ്യൽ ഏറ്റുവാങ്ങി.



കോളജിൽ നടന്ന ചടങ്ങിൽ മാത്ത്‌വർക്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ എഡ്യുക്കേഷൻ സെയിൽസ് മാനേജർ സാഹിദ വസീം, സെയിൽസ് അക്കൗണ്ട് മാനേജർ-എഡ്യുക്കേഷൻ അനീഷ് ബോംസൺ എന്നിവർ ചേർന്ന് ക്രെഡൻഷ്യൽ കോളജിന് സമ്മാനിച്ചു. കോളജ് ഡയറക്ടർ അഡ്മിനിസ്ട്രേഷൻ ഫാ. ഡോ. റോയ് എബ്രഹാം പഴയപറമ്പിലും പ്രിൻസിപ്പൽ ഡോ. ലില്ലിക്കുട്ടി ജേക്കബും ക്രെഡൻഷ്യൽ ഏറ്റുവാങ്ങി.

കംപ്യൂട്ടേഷണൽ പഠനം ശക്തിപ്പെടുത്തുന്നതിലും മാത്ത്‌വർക്സ് ക്യാമ്പസ്‌വൈഡ് സ്യൂട്ട് അക്കാദമിക രംഗത്ത് ഫലപ്രദമായി വിനിയോഗിക്കുന്നതിലും സ്ഥാപനം കൈവരിച്ച നേട്ടത്തിനുള്ള അംഗീകാരമായിരുന്നു ഇത്.

മാത്ത്‌വർക്സിന്റെ ഈ ക്രെഡൻഷ്യൽ ലഭിക്കുന്ന കേരളത്തിലെ നാല് സ്ഥാപനങ്ങളിൽ ഒന്നാണ് അമൽജ്യോതി കോളജ് ഓഫ് എൻജിനിയറിംഗ്.

മാത്ത്‌വർക്സ് കാമ്പസ്‌വൈഡ് സ്യൂട്ട് മികച്ച രീതിയിൽ പ്രയോജനപ്പെടുത്തിയതിനായി ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ എൻജിനിയറിംഗ് വിഭാഗം മേധാവി ഡോ. ഗീവർഗീസ് ടൈറ്റസ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനിയറിംഗ് വിഭാഗം മേധാവി ഡോ. എസ്.എൻ. കുമാർ, കെമിക്കൽ എൻജിനിയറിംഗ് വിഭാഗം മേധാവി ഡോ. സി. സുരേജ് രാജൻ എന്നിവരെ ചടങ്ങിൽ ആദരിച്ചു.

# 4കെ ഡോൾബി അറ്റ്മോസിൽ തേന്മാവിൻ കൊമ്പത്ത് എത്തുന്നു

**കൊച്ചി:** മലയാള സിനിമയിലെ എക്കാലത്തെയും അവിസ്മരണീയമായ ക്ലാസിക്കുകളിലൊന്നായ പ്രിയദർശൻ ചിത്രം തേന്മാവിൻകൊമ്പത്ത് 4കെ ദൃശ്യമികവിൽ വീണ്ടും പ്രേക്ഷകരിലേക്കെത്തുന്നു.

മോഹൻലാൽ, ശോഭന, നെടുമുടി വേണു, ശ്രീനിവാസൻ, കുതിരവട്ടം പപ്പു, കവിയൂർ പൊന്നമ്മ, സുകുമാരി തുടങ്ങി പ്രമുഖർ അഭിനയിച്ച ചിത്രം ഒക്ടോബർ ഒന്നിനാണ് 4കെ ഡോൾബി അറ്റ്മോസിൽ വീണ്ടും റിലീസ് ചെയ്യുന്നത്. ഒറിജിനൽ സിനിമയുടെ ജീവനും തനിമയും ചോർന്നുപോകാതെ മികച്ച ദൃശ്യമികവോടെയും ആകർഷകമായ ശബ്ദാനുഭവത്തോടെയും ഈ പ്രിയപ്പെട്ട ചിത്രം വീണ്ടും ബിഗ് സ്ക്രീനിൽ ആസ്വദിക്കാനുള്ള അവസരമാണ് റീറിലീസിലൂടെ പ്രേക്ഷകർക്ക് ലഭിക്കുന്നത്.

പോസ്റ്റ് പ്രൊഡക്ഷൻ രംഗത്തെ ലോകോത്തര സ്ഥാപനമായ പ്രസാദ് കോർപ്പറേഷൻ, മാറ്റിനി നൗവുമായി കൈകോർത്താണ് ചിത്രം വീണ്ടുമൊരുക്കുന്നത്. ഇതിന്റെ ഭാഗമായി സിനിമയുടെ ഒറിജിനൽ 35




എം.എം ഫിലിം പ്രിന്റ് 8കെയിൽ സ്കാൻ ചെയ്യുകയും തുടർന്ന് സൂപ്പർ 4കെ റസല്യൂഷനിലേക്ക് മാറ്റി മികച്ച രീതിയിൽ റീസ്റ്റോർ ചെയ്യുകയുമായിരുന്നു. ഡോൾബി അറ്റ്മോസ് സൗണ്ട് മിക്സും ചേർത്താണ് ചിത്രം വീണ്ടും പുറത്തിറങ്ങുന്നത്. ഫിലിം റീസ്റ്റോറേഷൻ, സ്കാനിംഗ്, പോസ്റ്റ് പ്രൊഡക്ഷൻ മേഖലകളിലെ വിദഗ്ദ്ധരാണ് ഇതിനായി അണിയറയിൽ പ്രവർത്തിച്ചത്.

ഇന്നത്തെ തിയേറ്റർ അനുഭവങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ചിത്രത്തിന്റെ ദൃശ്യപരമായ സവിശേഷതകളും സൂക്ഷ്മാംശങ്ങളും ആവിഷ്കാരലക്ഷ്യവും അതേപടി നിലനിർത്തി, സിനിമയുടെ തനിമ ഒട്ടും ചോർന്നുപോകാതെ 4കെ ഡോൾബി അറ്റ്മോസിൽ പുതിയൊരു സിനിമാനുഭവം നൽകാൻ, മാറ്റിനി നൗവുമായുള്ള തങ്ങളുടെ സഹകരണത്തിലൂടെ സാധ്യമായിട്ടുണ്ടെന്ന് പ്രസാദ് കോർപ്പ് ഡയറക്ടറും സി.ടി.ഒയുമായ അഭിഷേക് പ്രസാദ് അഭിപ്രായപ്പെട്ടു.

ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഇന്ത്യയുടെ ചലച്ചിത്ര പൈതൃകം സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ഈ പുനരുദ്ധാരണത്തിലൂടെ തങ്ങൾ ഏറെ സന്തോഷത്തോടെ പൂർത്തീകരിച്ചതായി മാറ്റിനി നൗ മാനേജിംഗ് ഡയറക്ടർ അജിത് രാജൻ അഭിപ്രായപ്പെട്ടു.

# വൺടാഗ് സൗകര്യം അവതരിപ്പിച്ച് ഫെഡറൽ ബാങ്ക്; ഇനി സ്റ്റിക്കർ മാറാതെ തന്നെ പോർട്ട് ചെയ്യാം

**കൊച്ചി:** സ്റ്റിക്കറുകൾ മാറ്റാതെ തന്നെ മറ്റു ബാങ്കുകളുടെ ഫാസ്റ്റാഗ് ഫെഡറൽ ബാങ്കിലേക്ക് മാറ്റാവുന്ന വൺടാഗ് സംവിധാനം നിലവിൽ വന്നു. മുംബൈയിലെ ജിയോ കൺവെൻഷൻ സെന്ററിൽ നടന്ന ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് 2026ൽ വച്ച് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയാണ് പുതിയ ഫീച്ചർ അവതരിപ്പിച്ചത്. നിലവിലുള്ള ഫാസ്ടാഗ് സ്റ്റിക്കർ തന്നെ ഉപയോഗിച്ചുകൊണ്ട് ഫെഡറൽ ബാങ്കിലേക്ക് മാറാം എന്നതാണ് വൺടാഗിന്റെ സവിശേഷത. ദേശീയപാതാ അതോറിറ്റി വികസിപ്പിച്ച രാജ്മാർഗ് യാത്ര ആപ്ലിക്കേഷൻ മുഖേന ഇടപാടുകാർക്ക് വൺ ടാഗിന് വേണ്ടി അപേക്ഷിക്കാം. വാഹന രജിസ്ട്രേഷൻ നമ്പറും ഒറ്റത്തവണ പാസ്‌വേർഡും ഉപഭോക്തൃ സമ്മതവും നൽകുന്നപക്ഷം, തുടർന്നുള്ള 72 മണിക്കൂറിനുള്ളിൽ ഫെഡറൽ ബാങ്കിന്റെ ഫാസ്ടാഗ് പോർട്ടലിലൂടെ നടപടിക്രമങ്ങൾ പൂർത്തീകരിക്കാം. നിലവിൽ കാർ, ജീപ്പ്, വാൻ തുടങ്ങിയ രാജ്യത്തെ വെഹിക്കിൾ ക്ലാസ് 4 (വിസി 4) വാഹനങ്ങളിലാണ് സേവനം ലഭിക്കുക. വാഹന രജിസ്ട്രേഷൻ നമ്പർ കൃത്യമായി അപ്ഡേറ്റ് ചെയ്ത, ഫാസ്ടാഗ് സജീവമായി ഉപയോഗിക്കുന്നവർക്ക് മാത്രമേ നിലവിൽ സേവനം ഉപയോഗപ്പെടുത്താനാകൂ. മുൻപ് പോർട്ട് ചെയ്ത ഫാസ്ടാഗുകൾക്ക് ഈ സൗകര്യം ലഭ്യമല്ല. ഡിജിറ്റൽ പേയ്മെന്റ് രംഗത്തും രാജ്യത്തെ ഗതാഗത സേവന മേഖലകളിലും സാന്നിധ്യം ശക്തിപ്പെടുത്തുന്നതിനോടൊപ്പം മറ്റു ബാങ്കുകളുടെ ഫാസ്ടാഗ് ഉപഭോക്താക്കളെ ഫെഡറൽ ബാങ്കിലേക്ക് ആകർഷിക്കാൻ അവസരമൊരുക്കുന്നതുമാണ് പുതിയ ഫീച്ചറെന്ന് ഫെഡറൽ ബാങ്ക് അറിയിച്ചു. രാജ്മാർഗ് യാത്ര ആപ്ലിക്കേഷനിലൂടെ അപേക്ഷ നൽകിയതിനുശേഷം https://fastag.federalbank.co.in/ എന്ന വെബ്സൈറ്റ് മുഖേന പോർട്ടബിലിറ്റി നടപടികൾ പൂർത്തീകരിക്കാവുന്നതാണ്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com